"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് - 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.4 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.756/13/തസ്വഭവ.    തിരുവനന്തപുരം,തീയതി: 23/03/2013

പരാമർശം:- 1) 15/10/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-28066/12 -ാം നമ്പർ കത്ത്.

2) 23/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി.റ്റി3/23732/12 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3(4)പ്രകാരം പഞ്ചായത്ത് സാംസ്കാരിക നിലയം നവീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും (നോൺ റോഡ്) ചെലവഴിച്ച 59,400/- രൂപ (അമ്പത്തിയൊമ്പതിനായിരത്തി നാനൂറ് രൂപ മാത്രം) ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ഡി.പി.സിയുടെ അംഗീകാരത്തോടെ നടപ്പാക്കിയ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ നിർവ്വഹിച്ച പ്രസ്തുത പ്രവൃത്തി ഗ്രാമപഞ്ചായത്തിന് പ്രയോജന പ്രദമായിരുന്നതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന് 26/06/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 4(2)C നമ്പർ തീരുമാനം ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടേയുമടിസ്ഥാനത്തിൽ 59,400/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ്

റിപ്പോർട്ടിൽ ഖണ്ഡിക 3(4) പ്രകാരം തടസ്സപ്പെടുത്തിയ മെയിന്റനൻസ് ഗ്രാന്റി (നോൺ റോഡ്) ൽ നിന്നും 59,400/- രൂപ (അമ്പത്തിയൊമ്പതിനായിരത്തി നാന്നൂറ് രൂപ മാത്രം) ചെലവഴിച്ച് സാംസ്കാരിക നിലയം അറ്റകുറ്റപ്പണി ചെയ്ത ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ